File No.SJD/100349/2019-C1

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബാ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം.എസ്.ജെ.ഡി/100349/2019–സി1

തിരുവനന്തപുരം,
തീയതി. 01/07/2020

വിഷയം: പ്രൊബേഷൻ സംവിധാനം – നേർവഴി പദ്ധതി – പ്രൊബേഷൻ അസിസ്റ്റന്റുമാരുടെ ഹോണറേറിയം അനുവദിച്ച് – ഉത്തരവാകുന്നു.

പരാമർശം : 1. സ.ഉ. (സാധാ) നം. 546/2019/സാ.നീ.വ. തീയതി. 31/08/2019

2. സാമൂഹ്യനീതി ഡയറക്ടറുടെ 23/04/2020 – ലെ എസ്/ജെ/ഡി/1605/2020–എസ്.സി3 നം. സർക്കുലർ.

3. സാമൂഹ്യനീതി ഡയറക്ടറുടെ 14/05/2020 – ലെ എസ്.ജെ.ഡി/100349/2019– സി1 നം. ഉത്തരവ്.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച നേർവഴി പദ്ധതികളുടെ നടത്തിപ്പിനായി 14 ജില്ലാ പ്രൊബേഷൻ ഓഫീസുകളിലും ഓരോ പ്രൊബേഷൻ അസിസ്റ്റന്റുമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിനും, അവർക്ക് പ്രതിമാസം 20000/- രൂപാ നിരക്കിൽ ഹോണറേറിയം അനുവദിക്കുന്നതിനും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഇതിൻ പ്രകാരം തുടർന്നുവന്നിരുന്ന പദ്ധതിയുടെ കാലാവധി 2020 മെയ് മാസം അവസാനിച്ചിരുന്നു.

പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചിരുന്ന പ്രൊബേഷൻ അസിസ്റ്റന്റുമാർ പരാമർശം (2) പ്രകാരം ജില്ലകളിൽ വയോജനങ്ങളുമായി ബന്ധപ്പെട്ട വകുപ്പ് നടപ്പിലാക്കി വരുന്ന കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങളുടെ അധിക ചുമതല കൂടി വഹിച്ചുവരുന്നുണ്ട്. ജില്ലകളിൽ കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങൾ തുടർന്നും നടത്തേണ്ട പ്രത്യേക സാഹചര്യം നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ , പ്രൊബേഷൻ അസിസ്റ്റന്റുമാരുടെ സേവന കാലാവധി അവസാനിക്കുന്ന തീയതി മുതൽ 2 മാസത്തേയ്ക്ക്, നിലവിലെ നിബന്ധനകൾക്ക് വിധേയമായി സേവനം ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ, നേർവഴി പദ്ധതിയുടെ ഭാഗമായി ജില്ലാ പ്രൊബേഷൻ ഓഫീസുകളിൽ കരാർ വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്ന പ്രൊബേഷൻ അസിസ്റ്റന്റുമാരുടെ 2019 മെയ്, ജൂൺ മാസങ്ങളിലെ ഹോണറേറിയം വിതരണം ചെയ്യുന്നതിനായി ഒരു ജില്ലയ്ക്ക് 40,000/- രൂപാ നിരക്കിൽ 14 ജില്ലകൾക്കായി ആകെ 5,60,000/- രൂപാ ( അഞ്ചു ലക്ഷത്തി അറുപതിനായിരം രൂപാ മാത്രം) ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ പേരിൽ അനുവദിച്ച് ഉത്തരവാകുന്നു.

File No.SJD/100349/2019-C1

ഇതിലേയ്ക്ക് ആവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തിലെ 2235-02-106-93 ( പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും,

<u>പകർപ്പ് :</u>

1. സൂപ്രണ്ട്, എ/പ്ലാനിംഗ് സെക്ഷൻ
2. ജില്ലാ പ്രൊബേഷൻ ഓഫീസർമാർ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്